# INDIAN SCHOOL AL WADI AL KABIR

## PRE MID TERM EXAMINATION 2021- 22

## CLASS: X , MALAYALAM

## മലയാളം

**Time allowed :1 Hour.** **Maximum Marks: 30**

അനുവദിച്ച സമയം :1 മണിക്കൂർ ആകെ മാർക്ക് : **30**

**General Instructions:** **Date: 01-06-2021**

**i. There are 30 questions.**

**ii. Each question carries one mark.**

**iii. All questions are compulsory.**

**iv. Choose only one answer from the options given below each question.**

---

1) 'കടൽ' എന്ന വാക്കിന്റെ പര്യായപദങ്ങൾ ഏവ ?

a) ഉഷസ്, കാല്യം

b) കരടം, വായസം

c) സമുദ്രം, ആഴി

d) യാനം, ഗമനം

2) 'വല്ലി ' എന്ന പദത്തിന്റെ നാനാർഥം ഏത് ?

a) സ്നേഹം, പഴക്കം

b) വീട്, വയൽ

c) രൂപം, ഭംഗി

d) വള്ളി, യുവതി

3) 'കിഴവൻ ‘എന്ന വാക്കിന്റെ എതിർലിംഗം എന്ത് ?

a) കിഴവർ

b) കിഴവി

c) കിഴവിനി

d) കിഴവ

4) ' രഹിതം ‘എന്ന വാക്കിന്റെ വിപരീതപദം എന്ത് ?

a) വിരഹം

b) വിരഹിതം

c) അരഹിതം

d) സഹിതം

5) 'സാരമായി' എന്ന പദത്തിന്റെ സന്ധി ഏത് ?

a) ലോപസന്ധി

b) ആദേശസന്ധി

c) ആഗമസന്ധി

d) ദ്വിത്വസന്ധി

6) 'യതി' 'മതി’ എന്നീ പദങ്ങളുടെ അർത്ഥവ്യത്യാസം എന്ത് ?

a) ഇപ്രകാരം, ഒന്ന്

b) കാരണം, കൊടി

c) സന്ന്യാസി, ബുദ്ധി

d) വീട്, ലോകം

7) ശരിയായ പദം ഏത് ?

a) ഗുമസ്ത്തൻ

b) ഗുമസ്ദൻ

c) ഗുമസ്തൺ

d) ഗുമസ്തൻ

8) 'പൂരിതാഭ' എന്ന പദം പിരിച്ചെഴുതുന്നത് എങ്ങനെ ?

a) പൂരിത + അഭ

b) പൂരിതം + ആഭ

c) പൂരിത + ആഭ

d) പൂരിത് + ആഭ

9) 'ചുമൽ ‘‘ചുമർ' എന്നീ പദങ്ങളുടെ അർത്ഥവ്യത്യാസം എന്ത് ?

a) വയൽ, ചിത്രം

b) ശിഖരം, കഴമ്പ്

c) ഘടം, കുടം

d) തോൾ, ഭിത്തി

10) 'പ്രണയചാപലം' എന്ന സമസ്തപദം വിഗ്രഹിക്കുന്നതെങ്ങനെ ?

a) പ്രണയത്താലുള്ള ചാപലം

b) പ്രണയവും ചാപലവും

c) പ്രണയത്തോട് ചാപലം

d) ചപലമായ പ്രണയം

11) 'കാണപ്പെട്ടവൻ' എന്നർത്ഥം വരുന്ന പദം ഏത് ?

a) വിദൂഷകൻ

b) ദൃഷ്ടൻ

c) ദുഷ്ടൻ

d) ദൃഷ്ടി

12) 'ഭവനം' എന്ന വാക്കിന്റെ പര്യായപദം അല്ലാത്തതേത് ?

a) ആലയം

b) സദനം

c) തുഷാരം

d) നിലയം

13) 'കടം' എന്ന വാക്കിന്റെ നാനാർത്ഥപദങ്ങൾ ഏവ ?

a) വായ്പ, പായ്

b) പടം, അത്ഭുതം

c) കാലം, കല്പന

d) നൊമ്പരം, അറിവ്

14) 'അപ്രിയം' ഏതു വാക്കിന്റെ വിപരീതപദം ആണ് ?

a) സുപ്രിയം

b) വിപ്രിയം

c) പ്രിയം

d) അനുപ്രിയം

15) 'ധന്യൻ ‘എന്ന വാക്കിന്റെ എതിർലിംഗം എന്ത് ?

a) ധനിക

b) ധനക

c) ധന്യ

d) ധന്യർ

16) കർമ്മണി പ്രയോഗത്തിന് ഉദാഹരണം ഏത് ?

a) ജയിലിന്റെപടിക്കൽ പാറാവുകാരൻ വെള്ളായിയപ്പനെ തടഞ്ഞു

b) ജയിലിന്റെ പടിക്കൽ പാറാവുകാരനാൽ വെള്ളായിയപ്പനെ തടഞ്ഞു

c) ജയിലിന്റെ പടിക്കൽ വെള്ളായിയപ്പനാൽ പാറാവുകാരൻ തടഞ്ഞു

d) ജയിലിന്റെ പടിക്കൽ വെള്ളായിയപ്പൻ പാറാവുകാരനാൽ തടയപ്പെട്ടു

17) അംഗിവാക്യത്തിന് ഉദാഹരണം ഏത് ?

a) അത് വധശിക്ഷയുടെ ചടങ്ങാണെന്ന്

b) അത് വധശിക്ഷയുടെ

c) വെള്ളായിയപ്പൻ അറിഞ്ഞിരുന്നില്ല

d) അത് ചടങ്ങാണെന്ന് വെള്ളായിയപ്പൻ

18) ശരിയായ വാക്യമേത് ?

a) പാറാവുകാരന്റെ മുഖം പൊടുന്നനെ പെട്ടെന്ന് കനിവുറ്റതായി

b) പാറാവുകാരന്റെ മുഖം പൊടുന്നനെ കനിവുറ്റതായി

c) പാറാവുകാരന്റെ മുഖം പൊടുന്നനെ

d) മുഖം പൊടുന്നനെ പെട്ടെന്ന് കനിവുറ്റതായി

19) “മഞ്ഞുതൻ ധാരയാർന്ന പനിനീർ സുമോപമം” എന്ന് കവി വിശേഷിപ്പിക്കുന്നത് എന്തിനെ ?

a) ദിവാകരന്റെ കണ്ണുകളെ

b) നളിനിയുടെ മുഖത്തെ

c) പ്രണയചാപല്യത്തെ

d) ശൈശവകഥയെ

20) 'പ്രിയദർശനം' എന്ന പാഠഭാഗം ഏത് കൃതിയിൽ നിന്ന് എടുത്തിട്ടുള്ളതാണ് ?

a) ലീല

b) കരുണ

c) നളിനി

d) പ്രരോദനം

21) 'അന്യജീവനുതകി' സ്വജീവിതം ധന്യമാക്കുന്നത് ആര് ?

a) അവിവേകികൾ

b) അറിവില്ലാത്തവർ

c) വിവേകികൾ

d) പരിശുദ്ധർ

22) നളിനി ആരെ കാണാനാണ് ഹിമാലയത്തിൽ എത്തിയത് ?

a) തോഴിയെ

b) ദിവാകരനെ

c) സന്ന്യാസിമാരെ

d) പിതാവിനെ

23) "അർത്ഥിയാം പ്രാണിതൻ പ്രിയം" നൽകുന്നതാര് ?

a) മനുഷ്യർ

b) ഈശ്വരൻ

c) സഖി

d) മഹർഷി

24) കവിയുടെ അഭിപ്രായത്തിൽ 'ഭാവശാലികൾ പിരിഞ്ഞു കൂടിയാൽ' എന്താണ് സംഭവിക്കുന്നത്?

a) സുഖോദയം വികലമായിരിക്കും

b) മുഖം പരിപാടലമാകും

c) കണ്ണുനീർ തൂകും

d) കഷ്ടകാലം തീരും

25) അമ്പലത്തിലെ നട തുറക്കാൻ കാത്തിരിക്കുന്നതുപോലെ വെള്ളായിയപ്പൻ ഇരുന്നത് എവിടെ ?

a) റെയിൽവേ സ്റ്റേഷനിൽ

b) ട്രെയിനിൽ

c) ജയിലിന്റെ ഉമ്മറത്തെ ചാരുപടിയിൽ

d) കടൽത്തീരത്ത്

26) ഒരു കർഷകന്റെ ജന്മസിദ്ധിയിലൂടെ വെള്ളായിയപ്പൻ അറിഞ്ഞത് എന്ത് ?

a) ജയിലിലെ നടപടിക്രമങ്ങൾ

b) സമയം

c) കൊമ്പുവിളി

d) കഞ്ഞിനനവ്

27) പുഴ കടന്ന് അപ്പുറത്തെ മേട് കയറുവോളം വെള്ളായിയപ്പൻ എന്താണ് ചെയ്തത് ?

a) പാഴുതറയെപ്പറ്റി ഓർത്തു

b) കണ്ടുണ്ണിയെക്കുറിച്ചോർത്ത് കരഞ്ഞു

c) ചോറുപൊതി ഭദ്രമായി സൂക്ഷിച്ചു

d) തീവണ്ടിയാത്രയെക്കുറിച്ച് ചിന്തിച്ചു

28) ഒരു കൊലക്കയർ പോലെ വെള്ളായിയപ്പന്റെ കഴുത്തിൽ ചുറ്റിമുറുകിയത് എന്ത് ?

a) പാറാവുകാരന്റെ സമീപനം

b) നീലിമണ്ണാത്തിയുടെ മൗനം

c) അപരിചിതന്റെ സംഭാഷണം

d) തോട്ടികളുടെ ചോദ്യങ്ങൾ

29) “വീടാത്ത കടങ്ങൾ പടച്ചവന്റെ സൂക്ഷിപ്പുകളാണ്” ഇങ്ങനെ പറഞ്ഞത് ആര് ?

a) പാറാവുകാരൻ

b) നീലിമണ്ണാത്തി

c) കുട്ട്യസ്സൻമാപ്പിള

d) റെയിൽവേ സ്റ്റേഷനിൽ ഇരുന്ന കാരണവർ

30) 'ഒരു പേറ്റിച്ചിയെ പോലെ’ വെള്ളായിയപ്പൻ പാറാവുകാരിൽ നിന്ന് ഏറ്റു വാങ്ങിയത് എന്ത് ?

a) വധശിക്ഷയുടെ വിവരങ്ങൾ

b) മകന്റെ ദേഹം

c) ഭാര്യ നൽകിയ പൊതിച്ചോറ്

d) ട്രെയിൻ ടിക്കറ്റ്

*****